


# കോപ്പൻഹേഗനിൽ നടന്നത് ദരിദ്രരുടെ പ്രാന്തവത്കരണം

**ലേഖനം**

●

**എം.ഡി നാലപ്പാട്ട്**

**വർധിച്ച** പ്രതീക്ഷകളോടെയായിരുന്നു ഡിസംബർ ഏഴു മുതൽ പതിനെട്ടുവരെ നീണ്ട കോപ്പൻഹേഗൻ കാലാവസ്ഥാ വ്യതിയാന ഉച്ചകോടിയിൽ ലോക രാജ്യങ്ങൾ സന്നിഹിതരായത്. കാലാവസ്ഥയും ഋതുക്കളും മുൻകാലത്തിൽനിന്ന് മാറിപ്പോയതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് പരിഹാര പോംവഴികൾ രൂപപ്പെടുത്താൻ ലക്ഷ്യമിട്ട് ചേർന്ന പ്രസ്തുത ഉച്ചകോടിയുമായി ബന്ധപ്പെട്ട് 197 രാഷ്ട്രത്തലവന്മാരും അക്രെഡിറ്റേഷൻ നേടിയ 36,000 നിരീക്ഷകരും പരിസ്ഥിതി പ്രവർത്തകരും സന്നദ്ധ ഗ്രൂപ്പുകളുമടങ്ങുന്ന ഒരു ലക്ഷത്തോളം പേരും ഡാനിഷ് തലസ്ഥാന നഗരിയിലേക്ക് ഒഴുകിയെത്തുകയുണ്ടായി. മേൽചൊന്നവരിൽ 80 ശതമാനം പേരും വികസിത രാജ്യങ്ങളിൽനിന്നുള്ളവരായിരുന്നു. ബാക്കി 20 ശതമാനത്തിൽ ദരിദ്ര രാജ്യങ്ങളെ പ്രതിനിധാനം ചെയ്തവർ നന്നേ കുറവായിരുന്നു. വികസ്വര രാജ്യങ്ങളിലെ ദരിദ്രജനവിഭാഗങ്ങളാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും

പ്രധാന ഇരകളെന്ന യാഥാർഥ്യവുമായി ഈ കണക്കിനെ താരതമ്യം ചെയ്യുമ്പോഴാണ് ഉച്ചകോടിയുമായി ബന്ധപ്പെട്ട വിരോധാഭാസത്തിന്റെ ആഴം വ്യക്തമാവുക. സമ്പന്ന വിഭാഗങ്ങളുടെ താൽപര്യാർഥം പുറന്തള്ളപ്പെടുന്ന കാർബൺ വാതകങ്ങൾ സൃഷ്ടിച്ച ആഗോളതാപനത്തിന്റെ മുഖ്യ ഇരകളായ ദരിദ്രരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി ഉന്നയിക്കാൻ പോലും കോപ്പൻഹേഗനിൽ അവസരമുണ്ടായിരുന്നില്ലെന്ന് സാരം.

ജീവിതച്ചെലവ് കൂടിയ നഗരങ്ങളിലൊന്നായ കോപ്പൻഹേഗനിൽ എത്തിച്ചേരുക ദരിദ്ര വിഭാഗങ്ങളെ സംബന്ധിച്ചേടത്തോളം അതീവ ദുഷ്കര കൃത്യമായിരിക്കുമെന്നത് ലളിത സത്യം മാത്രം. നേരത്തേ ബുക്ക് ചെയ്ത സമ്പന്ന യൂറോപ്യൻ രാജ്യങ്ങളുടെ പ്രതിനിധികൾക്ക് പ്രധാന കേന്ദ്രങ്ങളിലെല്ലാം ഇടംപിടിക്കാൻ സാധിച്ചു എന്നത് ദരിദ്രക്കു മുമ്പിലുള്ള വെല്ലുവിളി കൂടുതൽ സാഹസപൂർണമാക്കുകയും ചെയ്തു. ഒരു യൂറോപ്യൻ രാജ്യത്തേക്കുള്ള വിസ ലഭിക്കാൻ ഭീമമായ ബാങ്ക് ബാലൻസിന്റെ ഉടമയായിരിക്കണം. കാലാവസ്ഥാ ഉച്ചകോടി ചേരാൻ ചെലവ് കുറഞ്ഞ നഗരങ്ങൾ എത്ര വേറെ കിടക്കുന്നു? ഭൂമിശാസ്ത്രപരമായ മറ്റൊരു പ്രശ്നവും വേദിയുടെ തെരഞ്ഞെടുപ്പിനെ ചെലവേറിയതാക്കി. ഡിസംബറോടെ മരംകോച്ചുന്ന ഹേമന്തത്തിന്റെ പിറവി ഈ നഗരത്തെ പതിവിൽ കവിഞ്ഞവിധം തണുപ്പുകൊണ്ട് മൂടുന്നു. കൽക്കത്ത, കാസാബ്ലാങ്ക തുടങ്ങിയ നഗരങ്ങൾ സൂര്യവെളിച്ചത്താൽ തിളങ്ങുമ്പോൾ കോപ്പൻഹേഗനിലെ മന്ദിരങ്ങളിലൂടെ നടക്കാൻ പകൽ സമയത്തും നല്ല പ്രകാശമുള്ള വൈദ്യുതി ദീപങ്ങൾ അനിവാര്യം. രാത്രിയിൽ വിറച്ചു വീഴാതിരിക്കണമെങ്കിൽ വൈദ്യുതി തിന്നു തീർക്കുന്ന ഹീറ്ററുകളെ ആശ്രയിക്കാതെ രക്ഷയുമില്ല.

സമ്പന്ന വിഭാഗങ്ങൾക്ക് ഗുണകരമായ വിധം ഉച്ചകോടിയെ പരിവർത്തിപ്പിക്കാൻ മറ്റു കൃത്രിമങ്ങളും നടന്നു. പ്രധാന വേദികളിലേക്കുള്ള പാസ്സുകൾ ബിസിനസ് സമൂഹത്തിന് റിസർവ് ചെയ്തുവെച്ചിരുന്നു. തൊട്ടടുത്ത മറ്റു വേദികൾ വൻകിട കമ്പനികളുമായി ബന്ധമുള്ള എൻ.ജി.ഒകൾക്കു മാത്രമായും റിസർവ് ചെയ്തു. ഇതുവഴി ചർച്ചകളെ വൻകിട കമ്പനികൾക്ക് ഹാനികരമാകാത്തവിധം ദിശമാറ്റി വിടാൻ സാധിച്ചു. ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളുടെ താൽപര്യങ്ങൾക്ക് തെല്ലും വില ലഭിച്ചതുമില്ല. അമേരിക്കയുടെ അധിനിവേശനയം ഉളവാക്കിയ അഭ്യൂഹങ്ങൾ മൂലം എണ്ണ വിലയിലുണ്ടായ വർധനവിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമായി അനുഭവിച്ചുവരുന്ന രാഷ്ട്രങ്ങളാണ് ഇവ രണ്ടും. എന്നാൽ ഈ രണ്ട് രാജ്യങ്ങൾക്കുമെതിരെ കടുത്ത ഹരിത നികുതി (Green Tariff) ചുമത്താനാണ് വൻശക്തികൾ മുതിർന്നത്. അത്തരം നടപടി ഇരു രാജ്യങ്ങളിലുമായി കഴിയുന്ന കോടിക്കണക്കായ ദരിദ്ര ജനങ്ങളുടെ ദൈന്യത കൂടുതൽ മൂർച്ചിപ്പിക്കുകയും ചെയ്യും. അതേസമയം ഏറ്റവും ഭീമമായ തോതിൽ മലിനീകരണം നടക്കുന്ന വികസിത രാജ്യങ്ങളിലൊന്നും ഇത്ര ദരിദ്ര വിഭാഗങ്ങളില്ല എന്നതാണ് ഇവിടെ ഓർമിക്കേണ്ട മറ്റൊരു വൈരുധ്യം.

ഉച്ചകോടിയുടെ വേദി മുതൽ അധ്യക്ഷ പദവി വരെ മുൻകൂർ കവർന്നെടുത്ത വികസിത രാജ്യങ്ങൾ ഉച്ചകോടിയുടെ അജണ്ട നിശ്ചയിക്കുന്നതിലും സമർഥരായിരുന്നു. വികസ്വര രാജ്യങ്ങൾക്ക് ചെലവേറിയ ഊർജ സാങ്കേതിക ജ്ഞാനം വിൽക്കുന്ന പദ്ധതികൾക്കായിരുന്നു അജണ്ടയിൽ പ്രഥമസ്ഥാനം. അഥവാ മലിനീകാരിയല്ലാത്ത ആണവ സാങ്കേതികവിദ്യയുടെ വിപണനമായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ആണവ സാങ്കേതികവിദ്യ സ്വായത്തമാക്കിയ രാജ്യങ്ങൾ അവയുടെ വിൽപനയിലൂടെ കോടിക്കണക്കിന് ഡോളറുകളുടെ ലാഭമാണ് മുന്നിൽ കാണുന്നത്. ഇത്തരം ചെല

വേറിയ റിയാക്ടറുകൾ ഇറക്കുമതി ചെയ്യേണ്ട ആവശ്യം ഇന്ത്യക്കില്ല. കുറഞ്ഞ ചെലവിൽ റിയാക്ടറുകൾ നിർമിക്കാനും അവ മറ്റു രാജ്യങ്ങൾക്ക് കൈമാറാനും ഇന്ത്യക്കു സാധിക്കും. അതേസമയം അമേരിക്കയെപ്പോലുള്ള വൻകിട രാജ്യങ്ങൾ വമ്പൻ വിലയുള്ള റിയാക്ടറുകളാണ് ഓഫർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യ, ചൈന എന്നീ രാജ്യങ്ങൾ തമ്മിലുള്ള ആണവരംഗത്തെ സഹകരണം വട്ടപ്പൂജ്യമാണെന്ന യാഥാർഥ്യം ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഈ അയൽ രാജ്യങ്ങൾ സഹകരണം വിപുലീകരിക്കുന്ന പക്ഷം ദരിദ്രരാജ്യങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് അണുനിലയങ്ങൾ കൈമാറാൻ സാധിക്കും. ഇന്ത്യ, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങൾ സഹകരിക്കുന്ന പക്ഷം ചുരുങ്ങിയ ചെലവിൽ വിമാനങ്ങളും യാഥാർഥ്യമാക്കാം. പക്ഷേ അത്തരം സഹകരണ പദ്ധതികളൊന്നും നാളിതുവരെ ആവിഷ്കരിക്കപ്പെട്ടിട്ടില്ല.



ഹരിത സാങ്കേതിക വിദ്യയായിരുന്നു അജണ്ടയിൽ സ്ഥാനം പിടിച്ച മറ്റൊരിനം. മലിനീകരണത്തിന് കാരണമാകാത്തതും പരിസ്ഥിതി ഭദ്രതക്ക് കോട്ടം തട്ടിക്കാത്തതുമായ സാങ്കേതികതയാണ് ഗ്രീൻ ടെക്നോളജി അഥവാ ഹരിത സാങ്കേതികവിദ്യ. പരിസ്ഥിതിയെ തകർക്കില്ല എന്ന നിലയിൽ ഇത്തരം സാങ്കേതിക വിദ്യകൾ പ്രസക്തമാണെങ്കിലും അവ പ്രയോഗക്ഷമമാക്കുന്നതിനും ബന്ധപ്പെട്ട ഉപകരണങ്ങളും സന്നാഹങ്ങളും സ്ഥാപിക്കുന്നതിനും ദുർവഹമായ ചെലവുകൾ കൂടിയേതീരൂ. അവ പ്രവർത്തിപ്പിക്കുന്നതിനുള്ള മനുഷ്യ വിഭവശേഷിയും സമ്പന്ന രാജ്യങ്ങൾക്കു മാത്രമാണുള്ളത്. ചുരുക്കത്തിൽ സമ്പന്ന രാജ്യങ്ങളിൽനിന്ന് ഹരിത സാങ്കേതിക വിദ്യ വാങ്ങുന്ന ദരിദ്ര രാജ്യങ്ങൾ കൂടുതൽ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുന്ന അസംബന്ധമാകും സംജാതമാവുക. ദരിദ്ര രാജ്യങ്ങളുടെ വിഭവങ്ങൾ സമ്പന്ന രാജ്യങ്ങളിലേക്ക് തിരിച്ചൊഴുകുകയും ചെയ്യും. ബദൽ സാങ്കേതിക വിദ്യകളാകണം ഇതിനു പകരമായി സ്വീകരിക്കപ്പെടേണ്ടത്. അത്തരം പദ്ധതികൾ വികസിപ്പിക്കുന്നതിന് ഇന്ത്യ, ചൈന, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഗവേഷണകേന്ദ്രങ്ങൾ സ്ഥാപിക്കണം. പ്രാദേശിക-മേഖല തലങ്ങളിൽ അനുയോജ്യവും പ്രസക്തവുമായ സാങ്കേതികതകൾ ഇത്തരം കേന്ദ്രങ്ങളിൽ വെച്ച് ആവിഷ്കരിക്കാം.

അന്യരാജ്യങ്ങളുടെ ഉൽപന്നങ്ങൾ സ്വന്തം മാർക്കറ്റിൽ പ്രവേശിക്കുന്നത് തടയാൻ ചില രാജ്യങ്ങൾ നടത്തിയ വിപണി സംരക്ഷണനയവും (Protectionism)

കോപ്പൻഹേഗനിൽ ലോകത്തിന് തെളിഞ്ഞുകാണാൻ സാധിച്ചു. വികസിത രാജ്യങ്ങളിലെ പല ഗവൺമെന്റുകളും സ്വന്തം പൗരന്മാർക്ക്, വികസ്വര രാജ്യങ്ങളിൽ നിന്നെത്തുന്ന വിലക്കുറവുള്ള ഉൽപന്നങ്ങൾ നേരത്തേ തന്നെ നിഷേധിച്ചുവരികയാണ്. കാർബൺ ബഹിർഗമനത്തോത് ഇന്ന അളവിൽ ഇന്ന ഉൽപന്നങ്ങളുടെ നിർമാണ വിതരണങ്ങളിൽ പങ്കു വഹിച്ചിരിക്കുന്നു എന്ന മാനദണ്ഡം മറയാക്കി വികസിത രാജ്യങ്ങൾ പല വികസ്വര രാജ്യ ഉൽപന്നങ്ങൾക്കുമെതിരെ വ്യാപാര വിലക്കുകൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ബ്രിട്ടീഷ് ഗവൺമെന്റ് ഭക്ഷ്യോൽപന്ന പാക്കറ്റുകൾക്ക് അടയാളപ്പെടുത്തുന്ന ടാഗുകൾ ഈ വിപണി സംരക്ഷണ കൗശലത്തിന്റെ മികച്ച ഉദാഹരണമാണ്. ഈ ഉൽപന്നം ഇന്ന ഇന്ന രാജ്യത്തുനിന്ന് ഇത്ര മൈലുകൾ താണ്ടിയാണ് ഇവിടെ എത്തിയിരിക്കുന്നത് എന്ന് സൂചിപ്പിക്കുന്ന രേഖകൾ അങ്കനം ചെയ്ത് അവയുടെ വിതരണം എത്രയേറെ കാർബൺ ബഹിർഗമനം ഉളവാക്കി എന്ന് സൂചിപ്പിക്കുകയാണ് അധികൃതർ. അതുവഴി പരിസ്ഥിതി ബോധമുള്ളവരെ ഇത്തരം ഉൽപന്നങ്ങളിൽനിന്ന് അകറ്റിനിർത്താൻ ഭരണകൂടങ്ങൾക്ക് കഴിയുന്നു. അതേസമയം മിക്ക യൂറോപ്യൻ രാജ്യങ്ങളും ഈ മൂന്നാം ലോക ഉൽപന്നത്തേക്കാൾ കവിഞ്ഞ അളവിൽ കാർബൺ ബഹിർഗമനത്തിന് ഹേതുവാകുന്നു എന്ന വസ്തുത തമസ്കരിക്കപ്പെടുന്നു. രാപ്പകൽ കൃത്രിമമായ താപം നൽകി പ്രത്യേക ഹരിത ഗൃഹങ്ങളിൽ വളർത്തുന്ന സസ്യങ്ങളെയാണ് ഇത്തരം ഉൽപന്ന നിർമാണങ്ങൾക്ക് യൂറോപ്യൻ രാജ്യങ്ങൾ അവലംബിക്കാറുള്ളത്.

ഉൽപന്നങ്ങളുടെ കാർബൺ നിർഗമനതോത് കണക്കാക്കുന്നതിന് പ്രത്യേക കാർബൺ നിർണയ ഏജൻസി രൂപവത്കരിക്കണമെന്ന നിർദേശം കോപ്പൻഹേഗനിൽ ഉയർന്നിരുന്നു. ഇത്തരം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാകണം അന്താരാഷ്ട്ര വായ്പകൾ അനുവദിക്കേണ്ടതെന്നതുൾപ്പെടെയുള്ള നിർദേശങ്ങൾ ഇതിന്റെ ഭാഗമായാണ് ഉയർന്നത്. എന്നാൽ ഐ.എം.എഫ്, ലോക ബാങ്ക് മുതലായ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ മേധാവിത്വം അമേരിക്ക, ഇ.യു എന്നിവയുടെ ചുമലുകളിൽ എത്തിയപോലെ നിർദിഷ്ട ഏജൻസിയുടെ ചുമതലയും ഈ സമ്പന്ന രാജ്യങ്ങളുടെ ഹസ്തങ്ങളിൽ വന്നുചേരുമെന്ന ആശങ്ക ശക്തമാണ്. സാമ്പത്തിക വളർച്ചക്ക് പകരം സാമ്പത്തിക മാന്ദ്യവും വിലക്കയറ്റവും അനന്തരഫലമായി സംഭവിക്കുമെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ബ്രസീൽ, ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങൾ ചേർന്ന് 'ബേസിക്' എന്ന പേരിൽ കാലാവസ്ഥാ മുന്നണിക്ക് രൂപം നൽകുകയുണ്ടായി. എന്നാൽ മറ്റു ചില ചെറുകിട രാജ്യങ്ങളെ പാട്ടിലാക്കി ഇത്തരം മുന്നണികളുടെ ശക്തി ക്ഷയിപ്പിക്കാനാണ് വികസിത രാജ്യങ്ങൾ വിരുത് കാട്ടിയത്. കാലാവസ്ഥാ വ്യതിയാനം തടയാനും പരിസ്ഥിതിയെ രക്ഷിക്കാനുമെന്ന വ്യാജേന സ്വന്തം രാജ്യത്തെ കാര്യക്ഷമമല്ലാത്ത വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള കൗശലം മെനയുകയാണ് വികസിത രാജ്യങ്ങൾ. സ്വന്തം വ്യവസായങ്ങളെ കാര്യക്ഷമമാക്കാനും അവയുടെ ഉൽപാദനച്ചെലവ് ചുരുക്കാനുമായിരുന്നു അവർ ശ്രമിക്കേണ്ടിയിരുന്നത്. വിപണി സംരക്ഷണനയവും വ്യാപാര വിലക്കുകളും ഉപയോഗിച്ച് സ്വന്തം വ്യവസായശാലകളെ സംരക്ഷിക്കാൻ ശ്രമിക്കുന്നതിലൂടെ അവർ കടുത്ത സാമ്പത്തിക മാന്ദ്യത്തിന്റെ കാരണക്കാരായി മാറുകയാണ് എന്ന വിപത്ഫലം കൂടി അത്തരം രാജ്യങ്ങളെ ഓർമിപ്പിക്കേണ്ടിയിരിക്കുന്നു. സ്വന്തം സംരംഭങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കാൻ അന്താരാഷ്ട്ര വേദികളെ ഉപയോഗിക്കാൻ ശ്രമിക്കുന്നതാകും അവർക്ക് കരണീയം. ഒപ്പം സ്വന്തം പൗരന്മാരെ

പുനർ ബോധവത്കരിക്കാനും അവർ യത്നിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികാടിസ്ഥാനത്തിൽ വിലയിരുത്തിയാലും പാരിസ്ഥിതികമായി നോക്കിയാലും പാശ്ചാത്യ രാജ്യങ്ങളുടെ നടപ്പു മോഡൽ സുസ്ഥിര വികസനത്തിന് ഒട്ടും ഉതകുന്നതല്ല. നിർഭാഗ്യവശാൽ ഇത്തരമൊരു സന്ദേശം കോപ്പൻഹേഗനിൽനിന്ന് ഉയരുമെന്ന് പ്രതീക്ഷിക്കാൻ പോലും ലോകത്തിന് അവസരമുണ്ടായില്ല.

നമ്മുടെ ഗ്രഹത്തെ പിടിച്ചുലക്കുന്ന നിരവധി ഘടകങ്ങളുടെ സങ്കീർണതയെ സാകല്യമായി വിലയിരുത്തേണ്ടതിന്റെ പ്രാധാന്യത്തെ നിസ്സാരമായി വീക്ഷിച്ചു എന്നതാണ് കോപ്പൻഹേഗൻ ഉച്ചകോടിയുടെ ഏറ്റവും കൊടിയ പരാജയമെന്ന് ഞാൻ കരുതുന്നു. പ്രശ്നങ്ങൾ സമഗ്രമായി അവലോകനം ചെയ്യപ്പെട്ടില്ല. ഉദാഹരണമായി കാലാവസ്ഥ വ്യതിയാനത്തിന് മീഥൈൽ പോലെയുള്ള കാർബൺ സമാന വാതകങ്ങൾ എത്രമാത്രം കാരണമായിത്തീരുന്നു എന്ന പ്രശ്നത്തിൽ ചർച്ചകൾ നടന്നില്ല. ധ്രുവമേഖലയിൽ മഞ്ഞുരുകുന്നതുമൂലവും വൻതോതിലുള്ളകാലി വളർത്തൽ മൂലവും മീഥൈൽ ബഹിർഗമിക്കപ്പെടുന്നതിലൂടെ ഉളവാകുന്ന പാരിസ്ഥിതിക ദൂഷണങ്ങൾക്ക് ചർച്ചയിൽ ഇടം ലഭിച്ചില്ല. നമ്മുടെ ഭൂമിയുടെ രക്ഷയായിരുന്നില്ല ഈ 'പരിസ്ഥിതി യോധാക്കളുടെ'യഥാർഥ ലക്ഷ്യം. പുതിയ ലോകക്രമത്തെ സ്വാധീനിക്കാനുള്ള തങ്ങളുടെ വിശേഷാധികാരത്തിന്റെ സംരക്ഷണം മാത്രായിരുന്നു അവരുടെ പോരാട്ട പ്രേരണ. അതുകൊണ്ടുതന്നെ കാർബൺ സമാന വാതകങ്ങളുടെ പുറന്തള്ളലിനെ അവർ പ്രശ്നകാരിയായി അവതരിപ്പിച്ചതുമില്ല. കാർബൺ ബഹിർഗമന പ്രശ്നത്തിലായിരുന്നു സർവരുടെയും ഊന്നൽ. അക്കാര്യത്തിലും വിവേചനം അരങ്ങേറി. ദരിദ്ര ജനം കൂടുതൽ അധിവസിക്കുന്ന ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളുടെ കാർബൺ പുറന്തള്ളൽ കുറക്കേണ്ടതിന്റെ പ്രാധാന്യത്തിനാണ് കൂടിയാലോചകർ ശബ്ദിച്ചുകൊണ്ടിരുന്നത്.

പരിസ്ഥിതി രക്ഷക്കുള്ള ബദൽ നിർദേശങ്ങൾക്ക് കോപ്പൻഹേഗൻ തെല്ലും വില കൽപിക്കുകയുണ്ടായില്ല. കാർബൺ ബഹിർഗമിപ്പിക്കുന്ന വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിനു പകരം മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ 15 ശതമാനം വർധന നടപ്പാക്കിയാൽ ചൈന പോലുള്ള രാജ്യത്തിന് കൂടുതൽ പ്രയോജനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. വൃക്ഷത്തൈകൾ നടാൻ വനഭൂമികൾ മാത്രമല്ല, പാതയോരങ്ങൾ മുതൽ മട്ടുപ്പാവുകൾ വരെ ഉപയോഗിക്കാം. പായലുകളെ കൂടുതലായി വളർത്തി സമുദ്രങ്ങളെ കാർബൺ ആഗിരണത്തിൽനിന്ന് മുക്തമാക്കാം. മീഥൈൽ ഹൈഡ്രേറ്റുകൾ കൂടുതലായി ഖനനം ചെയ്ത് ഊർജാവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താം. എന്നാൽ ലാഭത്തിൽ മാത്രം കണ്ണുവെക്കാറുള്ള വൻകിട കോർപറേറ്റുകൾക്ക് ലാഭരഹിതമായ ഇത്തരം ബദൽ മാർഗങ്ങൾ ഒട്ടും ആകർഷകമായി അനുഭവപ്പെട്ടില്ല. ചെലവേറിയ സാങ്കേതിക ജ്ഞാനം വിൽപന നടത്തുന്നതിലും ഹരിത നികുതികൾ കുറക്കുന്നതിലും വ്യാപാര വിലക്കുകൾ പ്രഖ്യാപിക്കുന്നതിലും മാത്രമാണ് അവരുടെ ഔത്സുക്യം.

നമ്മുടെ ഗ്രഹത്തെയും അതിന്റെ സ്വാഭാവിക പരിസ്ഥിതിയെയും രക്ഷിക്കാൻ മഹാത്മാ ഗാന്ധിയുടെ ആ രക്ഷാ മന്ത്രം തന്നെയാണ് ഏറ്റവും ഉചിതമെന്ന് ഞാൻ കരുതുന്നു. പല നിലകളിലും അദ്ദേഹം ഒരു പരാജിത വ്യക്തിയായിരിക്കാം. വിഭജനം തടയാൻ അദ്ദേഹത്തിന് സാധിച്ചില്ല, ബ്രിട്ടീഷുകാരെ എത്രയും നേരത്തേ കെട്ടുകെട്ടിക്കാനും അദ്ദേഹത്തിന് കഴിഞ്ഞില്ല. പക്ഷേ, ഒരു പാരിസ്ഥിതിക തത്ത്വജ്ഞാനി എന്ന നിലയിൽ അദ്ദേഹം കാലത്തിനു മുമ്പേ സഞ്ചരിച്ചു. സുസ്ഥിര വികസന

ത്തിനു വേണ്ടിയായിരുന്നു അദ്ദേഹം നിലകൊണ്ടത്. പരിസ്ഥിതിയെ തകർക്കാത്ത ജീവിതശൈലി സ്വീകരിക്കാനാണ് അദ്ദേഹം സദാ ആഹ്വാനം മുഴക്കിയത്.

കാർബൺ വാതക ബഹിർഗമന തോത് കുറക്കുമെന്ന് വാഗ്ദത്തം ചെയ്ത പ്രകാരം പ്രസിഡന്റ് ബറാക് ഒബാമ പ്രവർത്തിക്കുന്നു എന്നുതന്നെ സങ്കൽപിക്കുക. അപ്പോൾ പോലും ലോകത്തെ മൊത്തം കാർബൺ ബഹിർഗമനത്തിന്റെ നാലിലൊന്നു ഭാഗവും അമേരിക്കയുടെ വകയായിതന്നെ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കും. എന്നാൽ നാലു ശതമാനം കാർബൺ മാത്രമാണ് ഇന്ത്യ പുറന്തള്ളുന്നത്. ഇന്ത്യക്ക് ഭീമമായ ഒരു ജനസഞ്ചയത്തെ തീറ്റിപ്പോറ്റേണ്ടതുണ്ടെന്ന യാഥാർഥ്യത്തെ കൂടി ഇതുമായി ബന്ധിപ്പിച്ചു വായിക്കുക. നടപ്പ് ജീവിത രീതികൾ പരിസ്ഥിതിക്ക് സമ്മാനിക്കുന്ന അത്യാഹിതങ്ങളെക്കുറിച്ച് കാർബൺ മലിനീകരണത്തിൽ മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ സ്വന്തം പൗരന്മാരെ ബോധവത്കരിക്കട്ടെ. കടുത്ത തീരുമാനങ്ങൾ സ്വീകരിക്കാൻ സാധിക്കാത്തതിന് വികസിത രാജ്യങ്ങൾ മൂന്നാം ലോകത്തുനിന്ന് ബലിയാടുകളെ കണ്ടെടുക്കുന്ന രീതി ഒന്നിനും പരിഹാരമല്ല. ഇന്ത്യ, ചൈന, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളും കൂടുതൽ പാരിസ്ഥിതിക ബോധം ഉൾക്കൊണ്ടേ തീരൂ. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശീയമായ പരിസ്ഥിതി സൗഹൃദ സാങ്കേതികതകൾ വികസിപ്പിച്ചെടുക്കാനാകണം അവർ ശ്രമിക്കേണ്ടത്. അല്ലാതെ ചെലവേറിയ വൈദേശിക സാങ്കേതികത വിദ്യകളുടെ ഇറക്കുമതിക്കു വേണ്ടിയുള്ള പരിശ്രമങ്ങളല്ല അവർ നടത്തേണ്ടത്.

കോപ്പൻഹേഗനിലെ വൻകിട ആർഭാട ഹോട്ടലുകളിൽ ഓരോ ദിവസവും വൻതോതിൽ ഊർജം തിന്നുതീർക്കുന്ന സന്നാഹങ്ങൾക്കു മധ്യേ അന്തിയുറങ്ങി കാലാവസ്ഥാ വ്യതിയാനം അവലോകനം ചെയ്തവർ ഗാന്ധിജിയുടെ ആ രക്ഷാവാക്യം ഓർമിച്ചിരുന്നെങ്കിൽ. "നിങ്ങൾ ഒരു പ്രവൃത്തി ചെയ്യാൻ തുടങ്ങുമ്പോൾ, നിങ്ങൾ കണ്ടുമുട്ടാനിടയായ ഏറ്റവും പാവപ്പെട്ട വ്യക്തിയെക്കുറിച്ച് കൂടി ഓർത്തു നോക്കുക. ആ പ്രവൃത്തി (അല്ലെങ്കിൽ നിങ്ങളുടെ ആ നിർദേശം) ആ പരമ സാധുവിന് ഏതുവിധം പ്രയോജനകരമാകും എന്നുകൂടി ചിന്തിച്ച ശേഷം പ്രവർത്തിക്കുക" എന്ന ഗാന്ധിയൻ മന്ത്രത്തിന്റെ പൊരുൾ ഉൾക്കൊണ്ട് പ്രാവർത്തികമാക്കുകയാണ് ആഗോള താപനത്താൽ പുകയുന്ന കാലഘട്ടത്തിന് അനിവാര്യമായ പോംവഴി. സമ്പന്നരുടെ വിശേഷാവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാകരുത് കോപ്പൻഹേഗനുകൾ. പ്രത്യുത ദരിദ്ര ജനകോടികളുടെ ജീവിതത്തിൽ തെല്ലെങ്കിലും ഉന്നതിക്കുതകുന്ന നിർദേശങ്ങൾക്ക് വേണ്ടിയാകണം അവ. ■

mdnalapat@gmail.com